# മലയാളഭാഷ ശ്രേഷ്ഠഭാഷ

# ജില്ലാ ഇൻഫർമേഷൻ ഓഫീസ്

# കൊല്ലം

# പത്രക്കുറിപ്പ്

www.prd.kerala.gov.in
e-mail: prdkollam@gmail.com 2020 മെയ് 07 ഫോൺ: 0474-2794911

കോവിഡ് 19

## കൊല്ലത്തേക്കുള്ള ആദ്യപ്രവാസികൾ ഇന്നെത്തും

കോവിഡ് 19 ന്റെ പശ്ചാത്തലത്തിലുള്ള മടങ്ങിവരവിൽ കൊല്ലം ജില്ലയിലേക്കുള്ള ആദ്യപ്രവാസികൾ ഇന്നെത്തും(മെയ് 08). റിയാദിൽ നിന്ന് കോഴിക്കോട് എത്തുന്ന വിമാനത്തിലാണ് നാല് കൊല്ലം സ്വദേശികളുടെ മടങ്ങി വരവ്. നാലുപേരും വനിതകളാണ്. ആകെ 99 മലയാളി യാത്രക്കാരാണ് വിമാനത്തിൽ ഉള്ളത്.

കോവിഡ് 19

## പോസിറ്റീവ് കേസുകൾ ഇല്ലാതെ എട്ടാം ദിനം

## അതിർത്തികളിൽ കർശന ജാഗ്രത

ജില്ലയിൽ പുതിയ പോസിറ്റീവ് കേസുകൾ റിപോർട് ചെയ്യാതെ എട്ടു ദിനങ്ങളാണ് കടന്നു പോയത്. ആശ്വാസത്തിന്റെ നിമിഷങ്ങളിലും ജാഗ്രത കൈവിടാതെയുള്ള പ്രവർത്തനങ്ങളിലാണ് അധികൃതർ. ഇതര സംസ്ഥാനങ്ങളിൽ നിന്നും കൂട്ടമായി മലയാളികൾ എത്തിത്തുടങ്ങിയതോടെ കോവിഡ് സുരക്ഷയുടെ ഭാഗമായി അതിർത്തികളിൽ ജാഗ്രത കർശനമാക്കി.

മൂന്ന് പോസിറ്റീവ് കേസുകൾ ഉൾപ്പെടെ നിലവിൽ അഞ്ചുപേരാണ് ആശുപത്രി നിരീക്ഷണത്തിൽ ഉള്ളത്. രോഗലക്ഷണം സംശയിച്ച അഞ്ചു പേർ കൂടി ഫലം നെഗറ്റീവായതോടെ ആശുപത്രി വിട്ടു. പരിശോധനയ്ക്ക് അയച്ച 2,335 സാമ്പിളുകളിൽ 47 എണ്ണത്തിന്റെ ഫലം കൂടി വരാനുണ്ട്. ഫലം വന്നതിൽ 2,251 എണ്ണം നെഗറ്റീവാണെന്നും ജില്ലാ മെഡിക്കൽ ഓഫീസർ ഡോ ആർ ശ്രീലത അറിയിച്ചു.

കോവിഡ് 19

## ജില്ലയിൽ ഗൃഹനിരീക്ഷണം കഴിഞ്ഞവർ 19,968 പേർ

കോവിഡ് 19 നിയന്ത്രണത്തിന്റെ ഭാഗമായി ഏർപ്പെടുത്തിയ ഗൃഹനിരീക്ഷണം സമൂഹ വ്യാപനം തടയുന്നതിൽ വലിയ പങ്കുവഹിച്ചതായി ജില്ലാ മെഡിക്കൽ ഓഫീസ് അറിയിച്ചു. ഇന്നലെ(മെയ് 7) ഗൃഹനിരീക്ഷണം പൂർത്തിയാക്കിയ 104 പേർ ഉൾപ്പടെ 19,968 പേരാണ് ഇതുവരെ ഗൃഹനിരീക്ഷണം പൂർത്തിയാക്കിയത്. ഇന്നലെ(മെയ് 7)പുതുതായി ഗൃഹനിരീക്ഷണത്തിൽ പ്രവേശിച്ച 55 പേർ ഉൾപ്പെടെ 1,387 പേരാണ് ഗൃഹനിരീക്ഷണത്തിൽ ഉള്ളത്. നിലവിൽ അഞ്ചു പേരാണ് ആശുപത്രി നിരീക്ഷണത്തിൽ ഉള്ളത്.

**കോവിഡ് 19**

## ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ളവരുടെ നിരീക്ഷണം കർശനമാക്കി

ഇതര സംസ്ഥാനങ്ങളിൽ നിന്നും മലയാളികൾ തിരികെയെത്തുന്ന പശ്ചാത്തലത്തിൽ ജില്ലയിൽ ജാഗ്രത കൂടുതൽ കർശനമാക്കി. ഹോട്ട് സ്പോട്ടുകൾ ഒഴികെയുള്ള വാർഡുകളിൽ ഗൃഹനിരീക്ഷണത്തിൽ കഴിയുന്നവർക്ക് നേരിട്ട് സഹായമെത്തിക്കുന്നതിനും ബ്രേക്ക് ദ ചെയ്ൻ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനുമുള്ള പ്രവർത്തനങ്ങൾ ആരോഗ്യ സേന നിർവഹിക്കും. . 1,097 ടീമുകളാണ് ഇന്നലെ ഫീൽഡിൽ ഇറങ്ങിയത്.

ജനപ്രതിനിധികളുടേയും വോളന്റിയർമാരുടെയും ജനമൈത്രി പൊലീസിന്റെയും ആശ-ആരോഗ്യ പ്രവർത്തകരുടെയും പങ്കാളിത്തമുണ്ടായിരുന്നു. ആകെ 3,013 പേർ അടങ്ങിയ വിവിധ സംഘങ്ങൾ 9,615 വീടുകളാണ് ഇന്നലെ(മെയ് 7) മാത്രം സന്ദർശിച്ചത്. കിടപ്പു രോഗികൾക്കും, ജീവിതശൈലീ രോഗികൾക്കും ക്വാറന്റയിനിലുള്ള 1,387 പേർക്കും വേണ്ട മാർഗനിർദേശങ്ങളും മരുന്നുകളും നൽകി. ഇതോടൊപ്പം ഫീൽഡ്/റെയിൽവേ, ബസ് സ്റ്റാൻഡ്, റോഡുകൾ, ജില്ലാ-സംസ്ഥാന അതിർത്തികൾ എന്നിവിടങ്ങളിലായി 91 റാപ്പിഡ് റസ്പോൺസ് ടീമുകൾ, 31 സ ്ക്വാഡുകൾ എന്നിവയും സജീവമായിരുന്നു.

ഇതുവരെ ആകെ 4,208 പേർക്ക് മാനസികാരോഗ്യ കൗൺസലിങ് നൽകി. കൂടാതെ 13,340 കേസുകളിൽ ടെലി കൗൺസലിംഗ് പൂർത്തിയാക്കി. കൺട്രോൾ റൂമിലേക്ക് ആകെ 5,558 പേരാണ് വിളിച്ചത്. ഇതര സംസ്ഥാനങ്ങളിൽ മലയാളികളുടെ മടങ്ങിവരവിന്റെ അടിസ്ഥാനത്തിൽ ജാഗ്രത വർധിപ്പിക്കുകയാണെന്ന് ജില്ലാ കലക്ടർ ബി അബ്ദുൽ നാസർ അറിയിച്ചു.

കോവിഡ് 19 മായി ബന്ധപ്പെട്ട വിവരങ്ങൾ കൈമാറുന്നതിനും സംശയങ്ങൾക്കും 8589015556, 0474-2797609, 1077, 7306750040(വാട്സ് ആപ് മാത്രം),1056(ദിശ) എന്നീ നമ്പരുകളിൽ ബന്ധപ്പെടാം.

**കോവിഡ് 19**

## പ്രവാസി വെൽഫെയർ സെന്ററിൽ
## ഇനി കെയർടേക്കർ/വെൽഫെയർ ഓഫീസറും

കോവിഡ് 19 അടിയന്തര പ്രതിരോധ നടപടികളുടെ ഭാഗമായി ഓരോ പ്രവാസി വെൽഫെയർ സെന്ററിലും കെയർ ടേക്കർ കം വെൽഫെയർ ഓഫീസറായി പ്രദേശത്തെ വനിതകളൊഴികെയുള്ള സർക്കാർ ജീവനക്കാരിൽ നിന്നും തിരഞ്ഞെടുത്തവരെ നിയോഗിക്കുമെന്ന് ജില്ലാ കലക്ടർ ബി അബ്ദുൽ നാസർ അറിയിച്ചു.

ഓരോ കെട്ടിടത്തിലും ഒരു വെൽഫെയർ ഓഫീസറെയാണ് നിയോഗിക്കുക. ഇതിനായി മറ്റു വകുപ്പുകളിൽ നിന്നും സാമൂഹിക പ്രതിബദ്ധതയുള്ള ജീവനക്കാരെ തിരഞ്ഞെടുക്കും.

ഒരു എസ്റ്റേറ്റ് ഓഫീസർക്ക് ഒന്നോ അതിൽ കൂടുതലോ കെട്ടിടങ്ങളുടെ ചുമതല ഉണ്ടാകും. മറ്റു വകുപ്പുകളുമായുള്ള ഏകോപന ചുമതല എസ്റ്റേറ്റ് ഓഫീസർക്കാണ്. കെട്ടിടത്തിൽ എല്ലാ സൗകര്യങ്ങളും ഉറപ്പാക്കി ആളുകൾ എത്തുന്ന മുറക്ക് തുടർപ്രവർത്തനങ്ങൾക്ക് വെൽഫെയർ ഓഫീസറെ ചുമതലപെടുത്തും. പ്രവാസികളുടെ ഭക്ഷണം, ആരോഗ്യ സംരക്ഷണം തുടങ്ങിയവ ഉറപ്പാക്കേണ്ടത് ഇവരുടെ ചുമതലയാണ്.

അടിയന്തര സാഹചര്യങ്ങളിൽ മുൻകൂട്ടിയുള്ള മാർഗ നിർദേശങ്ങൾക്ക് കാത്തുനിൽക്കാതെ കൂട്ടായി പ്രശ്നങ്ങൾക്ക് പരിഹാരം കാണണമെന്നും ജനക്ഷേമം മാത്രം ലക്ഷ്യമിട്ട് പ്രവർത്തിക്കാൻ ഉദ്യോഗസ്ഥർ തയ്യാറാകണമെന്നും ജില്ലാ കലക്ടർ ബി അബ്ദുൽ നാസർ അറിയിച്ചു.

കോവിഡ് 19

## ആര്യങ്കാവ് ചെക്ക്പോസ്റ്റിൽ ഗർഭിണികൾക്കും
## മുതിർന്ന പൗരൻമാർക്കും പ്രത്യേക കൗണ്ടർ

കോവിഡ് 19 നിയന്ത്രണത്തിന്റെ ഭാഗമായി ഇതര സംസ്ഥാനങ്ങളിൽ നിന്നു വരുന്ന ഗർഭിണികൾ, മുതിർന്ന പൗരൻമാർ, ഗുരുതരമായ അസുഖമുള്ളവർ എന്നിവർക്കായി ചെക്ക്പോസ്റ്റുകളിൽ പ്രത്യേകം കൗണ്ടർ സൗകര്യം ഏർപ്പെടുത്തിയതായി ജില്ലാ കലക്ടർ ബി അബ്ദുൽ നാസർ അറിയിച്ചു. കൊല്ലം റൂറലിലെ ആര്യങ്കാവ് ചെക്ക്പോസ്റ്റിലാണ് പ്രത്യേക കൗണ്ടർ സംവിധാനം ഏർപ്പെടുത്തിയിരിക്കുന്നത്. ഇക്കാര്യം സൂചിപ്പിച്ച് കൗണ്ടറിൽ ബോർഡ് സ്ഥാപിക്കാനും നിർദേശിച്ചിട്ടുണ്ട്.

കോവിഡ് 19

## രക്തദാനം നടത്തി

ലോക്ക് ഡൗണിന്റെ പശ്ചാത്തലത്തിൽ ജില്ലയിലെ സൈനികരുടെയും വിമുക്തഭടന്മാരുടെയും കൂട്ടായ്മയായ ക്വയിലോൺ മല്ലു സോൾജിയേഴ്സ് ഐ എം എ ബ്ലഡ് ബാങ്കിലേക്ക് രക്തദാനം നടത്തി. ബ്ലഡ് ബാങ്കിൽ ബ്ലഡിന് കുറവുന്ന സാഹചര്യത്തിലാണ് ലീവിലുള്ളവരും വിരമിച്ചവരുമായ സംഘടനയിലെ അംഗങ്ങളും കുടുംബാംഗങ്ങളും രക്തദാനം നടത്തിയത്.

**കോവിഡ് 19**

## ആര്യങ്കാവ് വഴി ഇന്നലെ(മെയ്6) 185 പേർ എത്തി

ആര്യങ്കാവ് ചെക്ക് പോസ്റ്റ് വഴി ഇന്നലെ(മെയ് 7) വിവിധ സംസ്ഥാനങ്ങളിൽ നിന്നായി 185 പേർ ജില്ലയിൽ പ്രവേശിച്ചു. ആകെ 99 വാഹനങ്ങളിലായി എത്തിയ ഇവരിൽ 34 പേരെ നിരീക്ഷണ കേന്ദ്രങ്ങളിലേക്ക് മാറ്റി. ബാക്കിയുള്ളവരെ ഗൃഹനിരീക്ഷണത്തിലാക്കി. റെഡ് സോണിൽ നിന്നെത്തിയവരെയും രജിസ്റ്റർ ചെയ്യാതെ വന്നവരെയുമാണ് നിരീക്ഷണ കേന്ദ്രത്തിലേക്ക് മാറ്റിയത്.

## ടെണ്ടർ ക്ഷണിച്ചു

കൊല്ലം ജില്ലാ പ്രൊബേഷൻ ഓഫീസിലേക്ക് 2021 മാർച്ച് 31 വരെ ജീപ്പ്/കാർ വാടകയ്ക്ക് നൽകുന്നതിന് ടെണ്ടർ ക്ഷണിച്ചു. മെയ് 20 ന് ഉച്ചകഴിഞ്ഞ് രണ്ടുവരെ സമർപ്പിക്കാം. വിശദ വിവരങ്ങൾ സിവിൽ സ്റ്റേഷനിലെ ജില്ലാ പ്രൊബേഷൻ ഓഫീസിലും 0474-2794029, 8281999035 എന്നീ നമ്പരുകളിലും ലഭിക്കും.

(പി.ആർ.കെ. നമ്പർ. 1312/2020)

(അവസാനിച്ചു)